വയനാട്	21
കണ്ണൂർ	73
കാസർഗോഡ്	61
ആകെ	666

(ബി) പുതുതായി രൂപീകരിച്ച സഹകരണ സംഘങ്ങളിലൂടെ ആകെ 5512 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. പലവക സഹകരണ സംഘങ്ങൾ, സാമൂഹ്യക്ഷേമ സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, ജീവനക്കാരുടെ സംഘങ്ങൾ, സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ്, വനിതാ, ഉൽപാദക സഹകരണ സംഘങ്ങൾ, ആശുപത്രി സഹകരണ സംഘങ്ങൾ, ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ കൺസ്യൂമർ റൂറൽ സംഘങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിയമനം നൽകിയതിലൂടെയും, ലേബർ കോൺട്രാക്ട്, ആശുപത്രി, എഡ്യൂക്കേഷണൽ സഹകരണ സംഘങ്ങളിൽ വന്നിട്ടുള്ള ഇതര തൊഴിലവസരങ്ങളിലൂടെയുമാണ് 5512 പേർക്ക് തൊഴിൽ നൽകാനായിട്ടുള്ളത്.

സഹകരണ സ്ഥാപനങ്ങളിലെ ഓണറേറിയവും സിറ്റിംഗ് അലവൻസും

28 (988) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങളിലെ ഭരണ സമിതി അംഗങ്ങൾക്ക് നൽകിവരുന്ന ഓണറേറിയവും സിറ്റിംഗ് അലവൻസും എത്ര വീതമാണ് :

(ബി) ഇത് എന്നു മുതലാണ് നിശ്ചയിച്ചിട്ടുള്ളത് ;

(സി) എന്നാണ് ഇത് പുതുക്കിയത് ;

(ഡി) ലഭിച്ചുകൊണ്ടിരിക്കുന്ന തുക അപര്യാപ്തമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രാഥമിക വായ്പാ സഹകരണ സംഘത്തിന്റെ ക്ലാസ്, പ്രവർത്തന മൂലധനം എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസിഡന്റുമാർക്ക് 1500 രൂപാ മുതൽ 3500 രൂപാ വരെ ഓണറേറിയം നിശ്ചയിച്ചു നൽകിയിട്ടുണ്ട്. ഭരണസമിതി അംഗങ്ങൾക്ക് പ്രതിദിനം 100 രൂപാ മുതൽ 150 രൂപ വരെ സിറ്റിംഗ് ഫീസ് ക്ലാസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചു നൽകിയിട്ടുണ്ട്. അപ്പെക്സ് സ്ഥാപനങ്ങൾ, ജില്ലാ ബാങ്കുകൾ എന്നിവയിൽ പ്രസിഡന്റുമാർക്ക് 3000 മുതൽ 6000 രൂപ വരെയും വൈസ് പ്രസിഡന്റുമാർക്ക് 1500 രൂപ മുതൽ 3000 രൂപ വരെയും സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ഓണറേറിയം അനുവദിച്ചു നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ 150 രൂപ മുതൽ 300 രൂപ വരെ സിറ്റിംഗ് ഫീസ് അനുവദിച്ചു നൽകിയിട്ടുണ്ട്. മറ്റിതര സ്ഥാപനങ്ങളിൽ 90 രൂപ മുതൽ 200 രൂപ വരെ സിറ്റിംഗ് ഫീസ് അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ നിലവിലുള്ള നിരക്കുകൾക്ക് 1-1-2005 മുതൽ പ്രാബല്യം ഉണ്ട്.

(സി) പ്രസിഡന്റിനും വൈസ് പ്രസിഡന്റിനുമുള്ള ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ സഹകരണ സംഘം രജിസ്ട്രാർ അവസാനമായി പുതുക്കിയത് 25-1-2005-ലെ 1/2005 നമ്പർ സർക്കുലർ പ്രകാരമാണ്.

(ഡി) നിലവിലുള്ള നിരക്ക് പുതുക്കുന്നതു സംബന്ധിച്ച് ചില നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

കണ്ണൂർ അഗ്രീൻ സഹകരണ സംഘത്തിന്റെ പ്രവർത്തനം

27 (990) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ അഗ്രീൻ സഹകരണ സംഘത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; പ്രസ്തുത സംഘം ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് ഗ്രാന്റും വായ്പയും നിക്ഷേപവും വാങ്ങിയിട്ടുണ്ട് : വിശദാംശം ലഭ്യമാക്കുമോ ;

(ബി) സമാഹരിച്ച ഗ്രാന്റും വായ്പയും നിക്ഷേപവും മറ്റ് സ്വകാര്യ സ്ഥാപനങ്ങൾക്ക് വായ്പയായി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ : പ്രസ്തുത വായ്പകൾക്ക് മതിയായ സെക്യൂരിറ്റി ഈടാക്കിയിട്ടുണ്ടോ : വായ്പ നൽകിയിട്ടുള്ളത് നിയമപ്രകാരമാണോ ; എങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ :

(സി) വിവിധ സഹകരണ സംഘങ്ങളിൽനിന്ന് നിക്ഷേപമായി എത്ര തുക 'അഗ്രീൻ' സമാഹരിച്ചിട്ടുണ്ട് ;

(ഡി) അഗ്രീൻ എന്ന സ്ഥാപനം രജിസ്റ്റർ ചെയ്യുമ്പോൾ അതിന്റെ ഭാരവാഹികൾ ആരൊക്കെയായിരുന്നു ; ഇപ്പോഴത്തെ ഭാരവാഹികൾ ആരൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ അഗ്രീൻകോ മറ്റൊരു സ്വകാര്യ കമ്പനി ഉൽപ്പാദിപ്പിക്കുന്ന ജൈവ കമ്പോസ്റ്റ് വളം വില്പന നടത്തുന്ന പ്രവർത്തനമാണ് ഇപ്പോൾ നടത്തുന്നത്. പ്രസ്തുത സംഘം എൻ.സി.ഡി.സി.-യിൽ നിന്ന് വായ്പയായി 1064.05 ലക്ഷം രൂപയും സർക്കാരിൽ നിന്നും 392.95 ലക്ഷം രൂപ ഓഹരിയായും റബ്ബർ ബോർഡിൽ നിന്നും 32 ലക്ഷം രൂപ പ്രവർത്തന മൂലധന വായ്പയായും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും 498.95 ലക്ഷം രൂപ വായ്പയായും 21 സഹകരണ സ്ഥാപനങ്ങളിൽ നിന്നും 430.51 ലക്ഷം രൂപ നിക്ഷേപമായും സ്വീകരിച്ചിട്ടുണ്ട്.

(ബി) സമാഹരിച്ച ഗ്രാന്റും വായ്പയും നിക്ഷേപവും അഗ്രീൻകോ ആരംഭിച്ച മറ്റ് സ്വകാര്യ സ്ഥാപനങ്ങൾക്ക് വായ്പയായും അഡ്വാൻസ് ആയും നൽകിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന 5 സ്വകാര്യ സ്ഥാപനങ്ങൾക്ക് 1959.24 ലക്ഷം രൂപ വായ്പയും അഡ്വാൻസുമായി നൽകിയിട്ടുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly